


# തൂവൽ

ഡിജിറ്റൽ മാഗസിൻ

2018-19

## ഗവ എച്ച്.എസ്സ്.എസ്സ്
## തൊടിയൂർ




ഗവ

# ളുവൽ

## ഡിജിറ്റൽ മാഗസിൻ 2018-19

### ഗവൺമെൻറ്ഹയർ സെക്കണ്ടറി സ്കൂൾ, തൊടിയൂർ

## ഒരു ലിറ്റിൽ കൈറ്റ് സംരംഭം

# അകത്തളം

ഒരു നിമിഷം .................................................................................... 6
സന്ദേശം ........................................................................................ 7
അഗ്നിച്ചിറകുള്ള ചെറുപ്പക്കാരൻ ..................................................... 12
ചിത്രശലഭം ......................................................................................13
ക്വിസ് ................................................................................................14
എന്തൊരു വിദ്യ ..................................................................................15
പൂങ്കാറ്റ് ..............................................................................................16
അമ്മ ..................................................................................................17
അതിബുദ്ധി ആപത്ത് .........................................................................18
കണക്കിലെ കളികൾ .........................................................................20
ഒരു കുരങ്ങ് കാണിക്കുന്ന രസങ്ങൾ ................................................ 21
സൂപ്പർ സ്റ്റാർ ......................................................................................22
തത്തമ്മ ...............................................................................................23
ഇതളുകളിലൂടെ ..................................................................................24
പ്ലാസ്റ്റിക്ക് .............................................................................................27
സാമൂഹിക മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ കുട്ടികൾ ശ്രദ്ധിക്കാൻ..29
2018 ലെ പ്രളയം ..................................................................................30
കേരളീയ കലകൾ ...............................................................................31
ജീവജാലം ...........................................................................................32
2018 ലെ നോബേൽ ജേതാക്കൾ ........................................................34
On the Origin of Species ......................................................35
A Brief History of Time ........................................................36

Delhi A city with two faces ........................................................37
William Shakespeare .......................................................... 38
ജീവലോകത്തെ പ്രകാശം പരത്തുന്നവർ ......................................... 39
ആൻഡ്രോയ്ഡ് ........................................................................ 40
സ്പോർട്ട്സ് ക്വിസ് ...................................................................... 41
ഒരു ഉരുള ചോറ് കൂടി ............................................................... 42
പിൻകുറി ............................................................................... 43

# ഒരു നിമിഷം.... !

കാലത്തിൻെറ തേർചക്രം ഉരുണ്ട് നൽകിയ ഈ സ്ക്കൂൾ വർഷത്തെ നമ്മുടെ കൊച്ചുമിടുക്കൻമാരും മിടുക്കികളും ഭാവനയുടെ ചന്ദനമൊട്ടുകൾ വാരി വിതറുന്നു. അതിൽ നിന്നും ഞങ്ങളുടെ കുഞ്ഞു സംരംഭം ആയ "**ത്തൂവൽ**" മിഴി തുറക്കുന്നു. ഭാവനയുടെ ലോകത്ത് നിന്ന് സാങ്കേതിക വിദ്യയുടെ ചിറകുകളിലൂടെ കുതിച്ചുപായുന്ന പുത്ത തലമുറയ്ക്ക് മുൻപിൽ ത്തൂവൽ സമർപ്പിക്കുന്നു. ഈ സംരംഭത്തിന്  കൈത്താങ്ങ് നൽകി സഹായിച്ച എല്ലാ അദ്ധ്യാപകർക്കും കരുന്നു കൈകൾക്കും അഭിനന്ദനങ്ങൾ.........

**ആദിത്യൻ**

**സ്റ്റുഡൻറ് എഡിറ്റർ**

# സന്ദേശം

പൊതുവിദ്യാലയങ്ങളുടെ പുത്തൻ ഉണർവ്വിന് സഹായകമായ ലിറ്റിൽകൈറ്റ്സിൻെറ പ്രവർത്തനം നമ്മുടെ സ്ക്കുളിൽ ഏറെ പ്രശംസനീയമാണ്. അതിന് ശക്തിക്കൂട്ടുന്ന ഒന്നാണ് ലിറ്റിൽകൈറ്റ്സിൻെറ പുറത്തിറക്കുന്ന ഇ-മാഗസിൻ "**തൂവൽ**". സുവർണ്ണജൂബിലി നിറവിൽ നിൽക്കുന്ന നമ്മുടെ സ്ക്കുളിലെ വിദ്യാർത്ഥികളുടെ സർഗ്ഗശേഷി വിളിച്ചോതുന്ന ഒന്നാണ് ഈ മാഗസിൻ. രചനകൾ മാത്രമല്ല നിർമ്മാണ പാടവവും നമ്മൾക്ക് ഈ മാഗസിനിൽ കാണാൻ സാധിക്കും. പുതിയ കാലത്തിന് അനുയോജ്യമായ രീതിയിൽ അറിവ് ശേഖരണത്തിന് ഉതകുന്ന മാഗസിന് എൻെറ എല്ലാവിധ ആശംസകളും..................

**ശ്രീജാ ഗോപിനാഥ്**

**ഹെഡ്മിസ്ട്രസ്സ്**

# സന്ദേശം

തൊടിയൂർ ഗവ:ഹയർസെക്കണ്ടറി സ്‌കൂളിലെ ലിറ്റിൽകൈറ്റ്സ് യൂണിറ്റിന്റെ മികവായ ഇ-മാഗസിൻ "ഉവലിൽ" ഇവിടുത്തെ കുരുന്നുകൾ തയ്യാറാക്കിയ വിവിധ വിഭവങ്ങളിലൂടെ ജീവിത മൂല്യങ്ങളുടെ പ്രതിഫലനം തീർച്ചയായും കാണാൻ സാധിക്കുന്നുണ്ട്. തൊടിയൂർ സ്‌കൂളിന്റെ പൊൻഉവലിന് എല്ലാ വിധ ആശംസകളും നേരുന്നു.

**വിജയകുമാരി. വി**
**സീനിയർ അസിസ്റ്റന്റ്**

# സന്ദേശം

തൊടിയൂർ ഗവ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും
ലിറ്റിൽകൈറ്റ്സ് പുറത്തിറക്കുന്ന ഇ-മാഗസിൻ **"ത്വവലിന്"**
എല്ലാവിധ ആശംസകളും നേരുന്നു......

**നിസ്സാർ**
**പി.ടി.എ പ്രസിഡൻറ്**

# സന്ദേശം

തൊടിയൂർ ഗവ ഹയർ സെക്കണ്ടറി സ്ക്കൾ ലിറ്റിൽകൈറ്റ്സ് സംരംഭമായ ഇ-മാഗസിൻ "**തൂവലിന്**" എല്ലാവിധ നന്മകളും നേരുന്നു......

**ശശിധരൻപിള്ള**
**എസ്.എം.സി ചെയർമാൻ**

# സന്ദേശം

വിദ്യാഭ്യാസ രംഗത്തെ നൂതനാശയങ്ങൾ, കുട്ടികളുടെ സർഗ്ഗാത്മക വാസനകളെ തൊട്ടുണർത്തുകയാണ് ഇ-മാഗസിൻ "തൂവൽ" എന്ന ബൃഹത്തായ ചിന്തയിലൂടെ ........ ഇതളുകളിലൂടെ പ്രതീക്ഷയുടെ നാമ്പുകളാവുന്ന എല്ലാ വിദ്യാർത്ഥികൾക്കും, ലിറ്റിൽ കൈറ്റ്സിനും എന്റെ എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

**കെ. സോമചന്ദ്രൻ**
**സ്റ്റാഫ് സെക്രട്ടറി**

# അഗ്നിച്ചിറകുള്ള ചെറുപ്പക്കാരൻ




**-എ.പി.ജെ. അബ്ദുൽ കലാം-**

സ്വപ്നം കാണുന്ന മനസ്സിൻെറ ഉടമകൾ ആയതുകൊണ്ടാവും ചെറുപ്പക്കാർ എ.പി.ജെ അബ്ദുൽ കലാമിനെ
കൂടുതൽ സ്നേഹിക്കുന്നത്. അതേ കാരണം കൊണ്ടാവാം കലാം ചെറുപ്പക്കാരെ ഇത്രയധികം സ്നേഹിക്കുന്നതും. ഹൃദയത്തിൽ എന്നും ചെറുപ്പം നിലനിർത്തിയതിനാൽ അബ്ദുൽ കലാം തൻെറ സ്വപ്നങ്ങളെ ഹൃദയത്തോടു ചേർത്ത് നിർത്തി.

വർഷങ്ങൾക്ക് മുമ്പ് രാഷ്ട്രപതിയായിരുന്ന നാളുകളിൽ കലാം പറഞ്ഞ വാക്കുകൾ രാജ്യത്തെ ചെറുപ്പക്കാരുടെ മനസ്സിൽ മുഴുവനും അഗ്നിജ്വാലകൾ ഉയർത്തിയിരുന്നു. ഇപ്പോഴും ആ വാക്കുകൾ ഊർജ്ജം പകർന്ന് കൊണ്ടിരിക്കുന്നു.

റോൾ മോഡലുകൾ അപ്രത്യക്ഷമായി കൊണ്ടിരുന്ന ഈ കാലത്ത് സിനിമാ താരങ്ങളും സ്പോർട്ട്സ് താരങ്ങളും ഒക്കെ ഗ്ലാമറിൻെറ ആഘോഷത്തിമിർപ്പുകൾ മാത്രമാകുമ്പോൾ ഒരു യഥാർത്ഥ റോൾമോഡലായി നമ്മുടെ ചെറുപ്പക്കാർക്ക് മുമ്പിലുണ്ട് എ.പി.ജെ. അബ്ദുൽ കലാം. ചെറുപ്പക്കാരോടും കുട്ടികളോടുമുള്ള അദ്ദേഹത്തിൻെറ ഹൃദയ ബന്ധത്തിന് ഒരു അപൂർവ്വ കെമിസ്ട്രിയുണ്ട്. അദ്ദേഹം ഉണർത്തിയ ആദർശങ്ങൾ നമ്മുടെ മനസ്സിൽ എക്കാലവും അണയാതെ നിലനിൽക്കും. അദ്ദേഹമെന്നും കുട്ടികൾക്കും ചെറുപ്പക്കാർക്കും മാതൃകയാണ്.

ഉറങ്ങുമ്പോൾ കാണുന്നതല്ല സ്വപ്നം ഉണർന്നിരിക്കുമ്പോൾ കാണുന്നതാണ് സ്വപ്നം എന്ന് നമ്മെ പഠിപ്പിച്ച് നിത്യനിദ്രയിലേക്ക് പോയ നമ്മുടെ മുൻ രാഷ്ട്രപതിക്ക് ഒരായിരം ആദരാഞ്ജലികൾ അർപ്പിച്ച് കൊള്ളട്ടെ.....!

**ആദിത്യൻ. ആർ**

**9A**



# ചിത്രശലഭം

ശലഭങ്ങൾക്കെന്തു ഭംഗിയാണമ്മേ
പലതരം ശലഭങ്ങൾ പൂക്കളിലിരിക്കുമ്പോൾ
അയ്യയ്യാ എന്ത് രസമാണമ്മേ !
പുള്ളിയുടുപ്പിട്ട ചിത്രശലഭമേ
നിനക്കെവിടുന്ന് കിട്ടിയീ പുള്ളിയുടുപ്പ്
നീലയുടുപ്പിൽ വെളുത്ത മുത്തും
മഞ്ഞയുടുപ്പിൽ ചുവപ്പ് മുത്തും
നിനക്ക് എന്ത് ചേലാണ് ശലഭമേ !
പൂക്കളിലിരിക്കുമ്പോൾ എന്ത് ചേല്
പാറിപ്പറക്കുമ്പോൾ എന്ത് ചേല്
എവിടുന്ന് കിട്ടിയീ പുള്ളിയുടുപ്പ്
നിനക്കെവിടുന്ന് കിട്ടിയീ പുള്ളിയുടുപ്പ്
ശലഭമേ...ശലഭമേ......പറയൂ.....നീ പറയൂ..

അനഘ. എസ്സ്.
8B

# ക്വിസ്

1. ഏറ്റവും കൂടുതൽ ആയുസ്സുള്ള പക്ഷി ?
   ഒട്ടകപ്പക്ഷി
2. ഓറഞ്ച് നദി ഒഴുകുന്ന രാജ്യം ?
   ദക്ഷിണാഫ്രിക്ക
3. അമേരിക്കയുടെ രാഷ്ട്രപിതാവ് ?
   ജോർജ് വാഷിംഗ്ടൺ
4. വിദേശത്ത് വച്ച് നിര്യാതനായ ഇന്ത്യൻ
   പ്രധാനമന്ത്രി ?
   ലാൽ ബഹദൂർ ശാസ്ത്രി
5. ജംഗിൾ ബുക്ക് ആരുടെ കൃതി ?
   റുഡ്യാർഡ് ക്ലിപിംങ്
6. രാസവസ്തുക്കളിലെ രാജാവ് ?
   സൾഫ്യൂരിക്ക് ആസിഡ്
7. കേരളത്തിൻെറ വടക്കേ അറ്റത്തെ നദി ?
   ചന്ദ്രഗിരിപ്പുഴ
8. എക്സ്റേ കടന്ന് പോകാത്ത ലോഹം ?
   ലെഡ്
9. ഒരു വിഷയത്തിൽ രണ്ടു പ്രാവശ്യം നോബേൽ
   സമ്മാനം നേടിയ വ്യക്തി ?
   മാഡം ക്യൂറി
10. ഗവർണർ ആകാനുള്ള പ്രായം ?
    35 വയസ്സ്



# എന്തൊരു വിദ്യ

കിണങ്ങപ്പൻ ഒരു ദുഷ്ടനാണ്. കയ്യിൽ ഇഷ്ടം പോലെ കാശുമുണ്ട്. ഒരു ദിവസം അതിരാവിലെ കിട്ടങ്ങപ്പൻെറ വീട്ടിലെത്തിയ അന്തപ്പൻ ഒരു കാഴ്ച കണ്ടു. കിണങ്ങപ്പൻ പറമ്പിൽ ഉഗ്രനൊരു കുഴി കുഴിക്കുന്നു. അന്തപ്പൻ വേഗം കാര്യം തിരക്കി.ഉടനെ കിണങ്ങപ്പൻ വിശദീകരിച്ചു. എടോ അന്തപ്പാ..എൻെറ വേലക്കാരൻ കിട്ടപ്പൻ ഇപ്പം വരും. അതാ ഞാൻ പെട്ടെന്ന് ഈ കുഴി കുഴിക്കുന്നത്.

ശ്ശെടാ ! അവൻ വരുമെങ്കിൽ അവനെ കൊണ്ട് കുഴിപ്പിക്കാമായിരുന്നില്ലേ !. അന്തപ്പന് സംശയമായി. അതല്ലടോ ഇന്നവന് ചെയ്യാനിവിടെ ഒരു പണിയുമില്ല. ഒരു കുഴി കുഴിച്ചിട്ടാൽ പിന്നെ അവനെക്കൊണ്ട് അതു മൂടിക്കാമല്ലോ. കിണങ്ങപ്പൻെറ മറുപടി കേട്ട് അന്തപ്പൻ മൂക്കിൽ വിരൽവച്ചുപോയി..

അശ്വിൻ കൃഷ്ണ
9A

# പൂങ്കാറ്റ്

കുഞ്ഞിക്കാറ്റേ കുളിർക്കാറ്റേ
പുഴയിൽ മുങ്ങി വരുന്നോ നീ
എന്തൊരു കുളിരാണെന്നുടെ മേനിയിൽ
വാരിയെറിഞ്ഞ് പോകുന്ന
കുഞ്ഞിക്കാറ്റേ പൂങ്കാറ്റേ
മുല്ലക്കാട്ടിൽ പോയോ നീ
എന്തൊരു മണമാണെന്നുടെ ചുറ്റും
വീശിയെറിഞ്ഞ് പായുന്ന

അനമോൾ. എം
9A

# അമ്മ



അറിയാതെയെൻ നാവിൽ നിന്നുയർന്ന
ആർദ്ര ശബ്ദമാണമ്മ
എൻ മനസ്സിൽ വാണിടുന്ന
പ്രത്യക്ഷ ശക്തിയാണമ്മ
നന്മതൻ പൂവുകൾ അനന്തമായ് ചൊരിയുന്ന
ആനന്ദ പുഷ്പമാണമ്മ
ആയിരം സുകൃതങ്ങൾ ഒന്നിച്ച ചേരുന്ന
പുണ്യമാം ഗംഗയാണമ്മ
നോവിൻെറ നീലത്തടാകത്തിൽ വിരിയുന്ന
ഒരു നവജ്യോതിയാണമ്മ
മായാത്ത മറയാത്ത ഓർമ്മകളിൽ
ഒരു ജന്മ യാഥാർത്ഥ്യമാണമ്മ

അനഘ. എം
9A

# അതിബുദ്ധി ആപത്ത്


ഒരിക്കൽ ഒരിടത്ത് ഒരു കച്ചവടക്കാരനും അദ്ദേഹത്തിൻെറ ഒരു കഴുതയും ഉണ്ടായിരുന്നു. അവർ തമ്മിൽ ഒരുപാട് ഇഷ്ടമായിരുന്നു. ദിവസവും അയാൾ കഴുതയുടെ പുറത്ത് സാധനങ്ങൾ കയറ്റി ചന്തയിൽ കൊണ്ടുപോയി വിൽക്കുമായിരുന്നു. കഴുത അയാൾക്കു വേണ്ടി വളരെ അധികം ജോലി ചെയ്തു വന്നു. കച്ചവടക്കാരൻ കഴുതയ്ക്ക് വയറു നിറയെ നല്ല ഭക്ഷണം കൊടുക്കാറുണ്ട്. ഒരു ദിവസം കച്ചവടക്കാരൻ പതിവിലുമധികം സാധനങ്ങൾ കയറ്റിക്കൊണ്ട് പോവുകയായിരുന്നു. അപ്പോൾ കഴുത ആലോചിച്ചു. ഞാൻ കഠിനമായി വേല ചെയ്യുന്നത് കൊണ്ട് എൻെറ യജമാനൻ സുഖിച്ച് നടക്കുന്നു. അങ്ങനെ വിട്ടാൽ പറ്റില്ല. ഞാൻ വിചാരിച്ചാൽ ഇയാളെ കഷ്ടപ്പെടുത്താൻ സാധിക്കും. തൻെറ പുറത്തുണ്ടായിരുന്ന ചുമട് ചന്തയിൽ ഇറക്കിക്കഴിഞ്ഞ ഉടനെ കഴുത ഒരു ഓട്ടം വെച്ചുകൊടുത്തു. കഴുതയുടെ പതിവില്ലാത്ത ഓട്ടം കണ്ട് കച്ചവടക്കാരൻ അമ്പരന്നു. കച്ചവടക്കാരൻ അതിവേഗം കഴുതയുടെ പിറകെ ഓടി. അതിശക്തമായി ഓടിയ കഴുതയെ പിടിക്കാൻ

കച്ചവടക്കാരന് കഴിഞ്ഞില്ല. അവസാനം കഴുത ഓടി ഓടി ഒരു വലിയ മലയുടെ മുകളിൽ എത്തിച്ചേർന്നു. ഓടി അവശനായ കഴുത ചെന്ന് നിന്നത് മലയുടെ അറ്റത്താണ്.മുന്നിൽ കൊക്കയായിരുന്നു. അപ്പോൾ കച്ചവടക്കാരൻ അതിൻെറ അടുത്തെത്തി. തൻെറ കഴുതയെ ഉപേക്ഷിക്കാൻ അയാൾക്കു മനസ്സു വന്നില്ല. കഴുത സർവ്വ ശക്തിയുമെടുത്ത് മുന്നോട്ടാഞ്ഞു. കച്ചവടക്കാരനും മുന്നോട്ട് നീങ്ങി. കിടങ്ങ് അത്യാഗാധമാണെന്ന് കച്ചവടക്കാരന് അറിയാം. അതിൽ വീണാൽ കഴുതയോടൊപ്പം താനും മരിക്കുമെന്ന് അയാൾക്കുറപ്പുണ്ടായിരുന്നു. അയാൾ പെട്ടെന്ന് കഴുതയുടെ വാലിൽനിന്ന് പിടിവിട്ടു. കഴുത അതിവേഗത്തിൽ മുന്നോട്ട് കുതിച്ചു. നിമിഷങ്ങൾക്കകം അത് കിടങ്ങിലേക്ക് വീണു. കഴുത്തൊടിഞ്ഞു ചത്തു. നന്ദിയില്ലാത്ത ആ കഴുതയുടെ അന്ത്യം അങ്ങനെയായിരുന്നു.

കഴുതയുടെ അതിബുദ്ധി വരുത്തിവെച്ചത് മരണമാണ്. ഇതിൽ മനസ്സിലാക്കേണ്ടത് നമ്മൾ അതിബുദ്ധിത്തരം കാണിക്കുമ്പോൾ അത് മരണത്തിലേക്കാണ് നീങ്ങുന്നത്.

സജ്ന. എസ്

8A




# കണക്കിലെ സൗന്ദര്യം

1*8+1=9
12*8+2 =98
123*8+3=987
1234*8+4=9876
12345*8+5=98765
123456*8+6=987654
1234567*8+7=9876543
12345678*8+8=98765432
123456789*8+9=987654321

അശ്വിൻ കൃഷ്ണ
9A

# ഒരു കുരങ്ങ് കാണിക്കുന്ന രസങ്ങൾ

ഒരിടത്തൊരിടത്തൊരു കുരങ്ങച്ചൻ ഉണ്ടായിരുന്നു. ഒരു ദിവസം ആ കുരങ്ങ് ഒരു മരത്തിൻെറ മുകളിൽ കയറിയിരുന്നു. ആ മരം ഒടിയുന്നത് പോലെ അവന് തോന്നി. അവൻ ആ മരത്തിൽ നിന്നും വീണു. അവൻെറ വാൽ മുറിഞ്ഞു. അവൻ ഉടനെ വൈദ്യരുടെ അടുത്തെത്തി. വൈദ്യരെ...വൈദ്യരെ....വൈദ്യരെ. എന്തിനാണ് കിടന്ന് കരയുന്നത് വൈദ്യർ ചോദിച്ചു. വൈദ്യരെ എൻെറ വാൽ മുറിഞ്ഞു. വൈദ്യർ ഒരു കത്തിയുമായി വന്ന് അവൻെറ വാല് മുറിച്ച് കളഞ്ഞു. അപ്പോൾ അവൻ പറഞ്ഞു. ഒന്നുകിൽ എൻെറ വാല് വേണം അതല്ലെങ്കിൽ കത്തി വേണം. വൈദ്യർ കത്തി കൊടുത്തു. അവൻ കത്തിയും കൊണ്ട് വരുമ്പോൾ ഒരു കുട്ടി കല്ലെറിഞ്ഞ് മാങ്ങ വീഴ്ത്തുവാൻ ശ്രമിക്കുന്നു. അപ്പോൾ അവൻ ചോദിച്ചു ഇങ്ങനെയാണോ മാങ്ങ വീഴ്ത്തുന്നത്. ഇന്നാ ഈ കത്തികൊണ്ട് മാങ്ങ എറിയുവാൻ പറഞ്ഞു. അങ്ങനെ ആ കുട്ടി മാങ്ങ എറിഞ്ഞപ്പോൾ മാങ്ങ വീഴുകയും കത്തി അവിടെ തങ്ങി നിൽക്കുകയും ചെയ്തു. അപ്പോൾ അവൻ പറഞ്ഞു ഒന്നുകിൽ എനിക്ക് മാങ്ങ വേണം അതല്ലങ്കിൽ കത്തി വേണം.

ബരീറ. എസ്
6B




# സൂപ്പർ സ്റ്റാർ

ആമ്പല്ലൂരിലെ ആണ്ടവനാണെ
കൊമ്പൻമാരിൽ സൂപ്പർ സ്റ്റാർ
തിടമ്പെടുക്കാൻ,മുന്നിൽ നിൽക്കാൻ
ആണ്ടവനെന്നും സൂപ്പർ സ്റ്റാർ
എന്തൊരു കൗതുകം എന്തൊരു ചന്തം
എന്തൊരു വലിയ തലപ്പൊക്കം
ആനകൾ അനവധി ഉണ്ടന്നാലും
ആണ്ടവനാണെ സൂപ്പർ സ്റ്റാർ
അമ്പമ്പോ വെളുവെളാ മിന്നും
കൊമ്പുകൾ കാണാൻ എന്തുരസം
ചേലോടങ്ങനെ നീണ്ടു കിടക്കും
തുമ്പിക്കയ്യിന് എന്തു രസം
ആമ്പല്ലൂരിലെ ആണ്ടവനാണെ
കൊമ്പൻമാരിൽ സൂപ്പർ സ്റ്റാർ
ആനക്കമ്പക്കാർക്ക് പോലും
അത്ഭുതമാണീ സൂപ്പർ സ്റ്റാർ

വിമൽ രാജ്

8C



# തത്തമ്മ

കൂട്ടിലുണ്ടൊരു തത്തമ്മ
പച്ചച്ചേലയുടുത്തൊരു തത്തമ്മ
കലപില കൂട്ടും തത്തമ്മ
പാട്ടുകൾ പാടും തത്തമ്മ
ഫലങ്ങൾ പറയും തത്തമ്മ
പൂച്ച വരുന്നൊരു നേരത്ത്
മൗനിയാകും വിരുതത്തി
പാവം പാവം തത്തമ്മ

# ഇതളുകളിലൂടെ............



















ജില്ലാ മെഡിക്കൽ ആഫീസ്, കൊല്ലം.
പ്രാഥമിക ആരോഗ്യ കേന്ദ്രം, തൊടിയൂർ.
ദന്തൽ മെഡിക്കൽ ക്യാമ്പ്
(കുട്ടികൾക്കുള്ള പ്രത്യേക പരിപാടി)
2018 ജൂലൈ 30 രാവിലെ 10 മണി. ഗവ.എച്ച്.എസ്. തൊടിയൂർ



# പ്ലാസ്റ്റിക്ക്



മനുഷ്യജീവിതത്തിന്റെ മുഖച്ഛായ തന്നെ മാറ്റിയ വസ്തുവാണ് പ്ലാസ്റ്റിക്ക്. ഇവ കൃത്രിമ പോളിമറുകളാണ്. ഗാർഹിക ഉപകരണങ്ങൾ മുതൽ കൃത്രിമ ഹൃദയവാൽവുകൾ വരെ നിർമിക്കാൻ വിവിധയിനം പ്ലാസ്റ്റിക്കുകൾ ഉപയോഗിച്ചു വരുന്നു. പ്ലാസ്റ്റിക്കുകൾ പോലെ വൈവിധ്യമാർന്ന ഉപയോഗങ്ങൾ



ഉള്ള പദാർഥങ്ങൾ വേറെയില്ല ഗുണങ്ങളിലുള്ള വൈജാത്യമാണ് ഇവയെ കൂടുതൽ ഉപയോഗ പ്രദമാക്കുന്നത്.

ചൂടാക്കുമ്പോഴുണ്ടാകുന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക്കുകളെ രണ്ടായി തിരിക്കാം.-



തെർമോപ്ലാസ്റ്റിക്കും.തെർമോസെറ്റിംഗ് പ്ലാസ്റ്റിക്കും (ചൂടാക്കുമ്പോൾ ഭൗതികമാറ്റവും രാസമാറ്റവും സംഭവിക്കുന്നു)

**പ്ലാസ്റ്റിക് മലിനീകരണം:**



ആദ്യകാലങ്ങളിൽ അദ്ഭുത വസ്തുവായി പരിഗണിച്ചിരുന്ന പ്ലാസ്റ്റിക് ഇന്ന് പരക്കെ ഒഴിവാക്കപ്പെടേണ്ട ഒരു വസ്തുവായി മാറിയിരിക്കുന്നു.

*അലക്ഷ്യമായി വലിച്ചെറിയുമ്പോൾ പരിസ്ഥിതി മലിനീകരണം

* കത്തിക്കുമ്പോൾ വായുമലിനീകരണം

* മൃഗങ്ങൾ ഭക്ഷിക്കുന്നത് മൂലം അവയുടെ ജീവന് ഭീഷണി

* ഡ്രെയിനേജുകളിൽ തടസ്സം

* മണ്ണിന്റെ ജലാഗിരണ ശേഷി നഷ്ടപ്പെടുന്നു



* പ്ലാസ്റ്റിക്ക് പാക്കറ്റിലുള്ള നിറങ്ങളും ലേബലുകളും ഭക്ഷണ പദാർഥങ്ങളിൽ കലരാൻ സാധ്യത .

<u>**പ്ലാസ്റ്റിക്ക് മലിനീകരണം കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ:**</u>

*ഡിസ്പോസിബിൾ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഒഴിവാക്കുക.

* ഗ്ലാസ്, സിറാമിക്, സ്റ്റീൽ എന്നിവ കൊണ്ടുള്ള പാത്രങ്ങൾ സൽക്കാരവേളകളിൽ ഉപയോഗിക്കുക.

* കടലാസ്, തുണി, സസ്യ ഭാഗങ്ങൾ എന്നിവ കൊണ്ടുള്ള അലങ്കാര വസ്തുക്കൾ ഉപയോഗിക്കുക

*4R(Reduce,Reuse,Refuse,Recycle)

APARNA

8C

## <u>സാമൂഹിക മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ കുട്ടികൾ ശ്രദ്ധിക്കാൻ:</u>

* ഒരിക്കൽ പോസ്റ്റ് ചെയ്തു പോയ കാര്യങ്ങൾ പിന്നീട് തിരിച്ചെടുക്കാനാവില്ല.

* വ്യക്തിപരമായ വിവരങ്ങൾ സ്വകാര്യമായിത്തന്നെ സൂക്ഷിക്കുക




* ഇന്റർനെറ്റ് ദുരുപയോഗപ്പെടുത്തുന്ന ആളുകളെ സുഹൃദ് വലയത്തിൽ നിന്ന് നീക്കം ചെയ്യുക .

* അശ്ലീല സന്ദേശങ്ങളും ഭീഷണികളും നിയമപരമായി കുറ്റകൃത്യങ്ങളാണ്.ഇത്തരം കൂട്ടുകെട്ടുകളിൽ പങ്കാളികളാകരുത്

* സൈബർ കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽ പെട്ടാൽ മുതിർന്നവരെയോ പോലീസിനേയോ അറിയിക്കുക.

* വ്യാജ പ്രൊഫൈലുകൾ ,അനുചിതമോ അപമാനകരമോ ആയ പോസ്റ്റുകൾ ഇവ ശ്രദ്ധയിൽ പെട്ടാൽ പോലീസിൽ അറിയിക്കുക.

* നിങ്ങൾ വ്യക്തിപരമായി അറിയുകയോ വിശ്വസിക്കുകയോ ചെയ്യാത്ത ആരെയും സാമൂഹിക മാധ്യമങ്ങളിൽ സുഹൃത്തായി ചേർക്കാതിരിക്കുക.



## 2018 - ലെ പ്രളയം

കേരള സംസ്ഥാനം രൂപീകരിച്ചതിന് ശേഷം ഉണ്ടായ ഏറ്റവും വലിയ പ്രളയമാണ് 2018 ഓഗസ്റ്റിൽ ഉണ്ടായത്. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവുമധികം നാശനഷ്ടമുണ്ടാക്കിയ പ്രകൃതിദുരന്തവും ഈ പ്രളയം തന്നെ. കേരളത്തിലെ 14 ജില്ലകളിലും നാശം വിതച്ച മഴയിലും വെള്ളപ്പൊക്കത്തിലും ആ കെ 25,000




കോടി രൂപയുടെ നഷ്ടമുണ്ടായതായാണ് കണക്കാക്കുന്നത്. 251 പേർ മരിച്ചു. 20,000 ത്തിലേറെ വീടുകൾ പൂർണമായും ഒരു ലക്ഷത്തിലേറെ വീടുകൾ ഭാഗികമായും തകർന്നു. 46000 ഹെക്ടറിലെ കൃഷി നശിച്ചു. പത്തരലക്ഷം പേർ ദുരിതാശ്വാസ ക്യാമ്പുകളിലായി.റെഡ് അലർട്ട് പ്രഖ്യാപിച്ചു.വിദ്യാലയങ്ങൾക്ക് ദിവസങ്ങളോളം അവധി പ്രഖ്യാപിച്ചു.എല്ലാ നദികളും കരകവിഞ്ഞൊഴുകി.26 വർഷങ്ങൾക്കു ശേഷം ഇടുക്കി അണക്കെട്ട് തുറന്നു. റെയിൽ, വിമാന സർവീസുകൾ തടസ്സപ്പെട്ടു.ദുരന്തമേഖലകളിൽ സൈന്യം, കോസ്റ്റ് ഗാർഡ്, ദുരന്തനിവാരണ



സേന, മത്സ്യത്തൊഴിലാളികൾ രക്ഷാ പ്രവർത്തനത്തിന് രംഗത്തിറങ്ങി. ഓഗസ്റ്റ് പത്തൊൻപതോടെ മഴയുടെ ശക്തി കുറഞ്ഞു.



SUMAYYA.S
X.B

# കേരളീയ കലകൾ

ദൈവത്തിന്റെ സ്വന്തം നാടായ കേരളം വൈവിധ്യമാർന്ന ഒട്ടേറെ കലാരൂപങ്ങളുടെയും നാടാണ്. ഏതൊരു നാട്ടിലെയും കലകളിലെ വൈവിധ്യം ആ നാടിന്റെ സമ്പന്നമായ സംസ്കാരത്തെ സൂചിപ്പിക്കുന്നു.



ഗോത്ര സംസ്കാരങ്ങളുടെ കാലം മുതൽക്കേ കേരളത്തിന് വേറിട്ട കലാപാരമ്പര്യം സ്വന്തമായുണ്ടായിരുന്നു. ഗോത്രകലകളിൽ നിന്നും മറ്റും സ്വാധീനമുൾക്കൊണ്ട് പിന്നീട് ഒട്ടനവധി കലാരൂപങ്ങൾ കേരളത്തിലുണ്ടായി.

കേരളത്തിലെ കലകളെ പൊതുവെ ക്ഷേത്ര കലകൾ, അനുഷ്ഠാന കലകൾ എന്നിങ്ങനെ രണ്ടായി തിരിക്കാം.കൂത്ത്, കൂടിയാട്ടം ,കഥകളി, രാമനാട്ടം, ഓട്ടൻതുള്ളൽ തുടങ്ങിയവയാണ് പ്രധാന ക്ഷേത്ര കലകൾ. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് വളർന്നവയാണിവ.

പ്രാദേശികവും സാമുദായികവുമായ ആചാരാനുഷ്ഠാനങ്ങൾക്കും കീഴ് വഴക്കങ്ങൾക്കും അനുസരിച്ച് രൂപപ്പെട്ടവയാണ് അനുഷ്ഠാന കലകൾ.തിറ,തെയ്യം ,മുടിയേറ്റ്, പടയണി, കുമ്മാട്ടി, മയിലാട്ടം തുടങ്ങിയവ അനുഷ്ഠാനകലകളാണ്.



Anjali Krishnan

XA

# ജീവജലം



സൗരയൂഥത്തിലെ ജീവ ഗ്രഹമാണ് ഭൂമി .ജീവൻ ആദ്യമുണ്ടായത് ജലത്തിലാണ്. ഭൂമിയുടെ വിസ്തൃതിയുടെ മുക്കാൽ പങ്കം ജലമായതിനാൽ "ജലഗ്രഹം " എന്നറിയപ്പെടുന്നു. ജീവൽ പ്രവർത്തനങ്ങൾക്ക് മാത്രമല്ല, കൃഷി, വ്യവസായം, ഊർജോൽപ്പാദനം , ഗതാഗതം എന്നിവയ്ക്കെല്ലാം ജലം ആവശ്യമാണ്. നിത്യജീവിതത്തിൽ ഒട്ടനവധി ആവശ്യങ്ങൾക്ക് നാം ജലം ഉപയോഗിക്കുന്നു.
പ്രകൃതിയിലെ വിവിധ സ്രോതസ്സുകളിൽ നിന്നാണ് വൻതോതിൽ ജലം നമുക്ക് ലഭ്യമാകുന്നത്. മഴവെള്ളം, കിണർ, ജലാശയങ്ങൾ, അരുവികൾ, നദികൾ, കടൽ എന്നിവയൊക്കെ ജലസ്രോതസ്സുകളാണ്.

## ജലമലിനീകരണം



ജലത്തിന്റെ ഭൗതികഗുണങ്ങളിലും രാസ ഗുണങ്ങളിലും ജൈവ പരമായ സവിശേഷതകളിലും വരുന്ന ഹാനികരമായ മാറ്റമാണ് ജലമലിനീകരണം.

കാരണങ്ങൾ:

*വ്യവസായ ശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ
* അമിത രാസവള പ്രയോഗം
* ഡിറ്റർജൻറുകളുടെ അമിത ഉപയോഗം
* ജലത്തിൽ അലിഞ്ഞു ചേരുന്ന കീടനാശിനികൾ
* ജലസ്രോതസ്സുകളിൽ മാലിന്യ നിക്ഷേപം

ദൂഷ്യഫലങ്ങൾ :-

ശുദ്ധജല ലഭ്യതയെ ബാധിക്കുന്നു
മണ്ണ്, വായു മലിനീകരണം
ജീവജാലങ്ങളുടെ നിലനിൽപ്പ് അപകടത്തിൽ



പരിഹാരം:

പ്രകൃതി നമുക്ക് ആവശ്യത്തിന് ശുദ്ധജലം ലഭ്യമാക്കുന്നു. മഴയിലൂടെ ലഭിക്കുന്ന ഈ ശുദ്ധജലം ഫലപ്രദമായി വിനിയോഗിച്ചാൽ നമുക്ക് ശുദ്ധജല ക്ഷാമവും വരൾച്ചയും പരിഹരിക്കാം. ഓരോ തുള്ളി മഴവെള്ളവും വീഴുന്ന സ്ഥലത്തു തന്നെ താഴാൻ അനുവദിക്കുകയെന്നതാണ് ജലസംരക്ഷണത്തിലെ ആസ്ഥാന തത്വം

ഫാത്തിമ.എസ്

8 ബി




PHYSICS







MEDICINE

PEACE





ECONOMICS

# 2018-ലെ നൊബേൽ ജേതാക്കൾ

## ഭൗതികശാസ്ത്രം

ജെറാഡ് മോറു, ആർതർ ആഷ്കിൻ, ഡോണ സ്ട്രിക് ലാൻഡ്

പ്രകാശവുമായി ബന്ധപ്പെട്ട് മൂവരും നടത്തിയ കണ്ടുപിടിത്തങ്ങൾക്കാണ് നൊബേൽ സമ്മാന ഠ ഈ ലേസർ ഫിസിക്സിന്റെ വളർച്ചയ്ക്ക് കാരണമായി

## രസതന്ത്രം

ഫ്രാൻസെസ് അർനോൾഡ്, ഗ്രിഗറി പി.വിന്റർ, ജോർജ് പി.സ്മിത്ത്

എൻസൈമുകളുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾക്ക് ഫ്രാൻസെസ് അർനോൾഡും പെപ് റൈഡുകളും ആന്റിബോഡികളുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്ക് മറ്റ് രണ്ടു പേരും സമ്മാനിതരായി

## വൈദ്യശാസ്ത്രം

ജെയിംസ് പി.ആലിസൺ, ടസുകു ഹോൻജോ

ശരീരത്തിന്റെ രോഗപ്രതിരോധശേഷിയുമായി ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾ വഴി കാൻസർ ചികിൽസയിൽ സുപ്രധാന നേട്ടങ്ങൾ ഉണ്ടാക്കിയതിനാണ് നൊബേൽ

## സമാധാനം

ഡെനിസ് മുക് വെഗെ, നാദിയ മുറാദ്

യുദ്ധങ്ങൾ മൂലം ജനങ്ങൾ അനുഭവിക്കുന്ന ശാരീരിക പീഡനങ്ങളും അടിച്ചമർത്തലുകളും ലോകത്തെ അറിയിക്കുകയും അവരുടെ അവകാശങ്ങൾക്കു വേണ്ടി പ്രവർത്തിക്കുകയും ചെയ്തതിനാണ് നൊബേൽ

## സാമ്പത്തിക ശാസ്ത്രം

വില്യം ഡി.നോഡോസ്,പോൾ.എം.റോമർ

സാങ്കേതികവിദ്യയിലെ മുന്നേറ്റവും കാലാവസ്ഥാമാറ്റവുമൊക്കെ ദീർഘകാല സാമ്പത്തിക വളർച്ചയെ എങ്ങനെ ബാധിക്കും എന്നതിനെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ രൂപപ്പെടുത്തിയതിന്.

DEVIKA AJAYAN


8B

## On The Origin of Species

**Charles Darwin**

ഭൂമിയിൽ ഇന്നുള്ള ജീവജാലങ്ങൾ കോടിക്കണക്കിന് വർഷങ്ങളുടെ പരിണാമത്തിലൂടെ ഉണ്ടായി വന്നതാണെന്ന് വാദിക്കുന്ന സിദ്ധാന്തമാണ് പരിണാമ സിദ്ധാന്തം .ഈ സിദ്ധാന്തത്തിന് അടിത്തറ പാകിയ പുസ്തകമാണ് 1859-ൽ ചാൾസ് ഡാർവിൻ പ്രസിദ്ധീകരിച്ച 'ഓൺ ദി ഒറിജിൻ ഓഫ് സ്പീഷീസ്'.

ജീവജാലങ്ങൾ എല്ലാക്കാലത്തും ഒരുപോലെ നിലനിൽക്കുന്നു എന്ന ധാരണ ഈ ഗ്രന്ഥം പൊളിച്ചെഴുതി. ചുറ്റുപാടുകളിലുണ്ടാകുന്ന മാറ്റങ്ങൾക്ക് അനുയോജ്യമായ രീതിയിൽ മാറാൻ കഴിയുന്ന ജീവജാലങ്ങൾ നിലനിൽക്കുകയും അല്ലാത്തവ നശിക്കുകയും ചെയ്യുമെന്ന് ഡാർവിൻ പറഞ്ഞു. അങ്ങനെ മാറിയ ജീവജാലങ്ങൾ ആ മാറ്റം അടുത്ത തലമുറകളിലേക്ക് കൈമാറ്റം ചെയ്ത് പുതിയ ജീവജാലങ്ങൾ ഉണ്ടാകുന്നു. ആദ്യം വിവാദമായെങ്കിലും 20- ആം നൂറ്റാണ്ടിന്റെ പകുതിയോടെ ഈ കൃതി ആധുനിക പരിണാമ സിദ്ധാന്തത്തിന്റെ അടിസ്ഥാനമായി മാറി.






# A Brief History of Time

**Stephen Hawking**

പ്രപഞ്ചത്തെക്കുറിച്ചുള്ള പഠനത്തിലെ ഏറ്റവും പ്രശസ്തമായ പുസ്തകങ്ങളുടെ കൂട്ടത്തിൽ ആദ്യം പറയുന്ന പേരാണ് സ്റ്റീഫൻ ഹോക്കിങ്ങിന്റെ 'എ ബ്രിഫ് ഹിസ്റ്ററി ഓഫ് ടൈം '. അത്രയ്ക്ക് ജനപ്രീതി നേടിയ ഈ കൃതി 20 വർഷങ്ങൾക്കുള്ളിൽ 1 കോടി കോപ്പികൾ വിറ്റഴിഞ്ഞു. ലണ്ടൻ സൺഡേ ടൈംസിന്റെ ഏറ്റവുമധികം വിറ്റഴിയുന്ന പുസ്തകങ്ങളുടെ പട്ടികയിൽ 5 വർഷത്തോളം ഇത് ഇടം നേടുകയും ചെയ്തു.മലയാളമടക്കം 35-ൽ പരം ഭാഷകളിലേക്ക് ഈ പുസ്തകം പരിഭാഷ ചെയ്തിട്ടുണ്ട്.1988 ൽ പ്രസിദ്ധീകരിച്ച ഈ കൃതി ആർക്കും മനസ്സിലാകുന്ന തരത്തിലാണ് എഴുതിയിരിക്കുന്നത്. പ്രപഞ്ചത്തിന്റെ ഘടന, ഉദ്ഭവം ,വികാസം തുടങ്ങിയ വിഷയങ്ങളെ വളരെ ലളിതമായി അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്.



# DELHI -A CITY WITH TWO FACES

The city of DELHI has two faces:both ancient and modern. From the sixth century BC onwards,Delhi has been a city that has been continuously inhabited. It has seen the rise and fall of kings and emperors. It has been captured and ransacked,and has served as the capital of many kingdoms and empires. Delhi's history has been one radiant with glory and bathed in tears. This is the face of Old Delhi,the city of the Tughlaks,the Khiljis,and the Mughals,a city f palaces,forts,tombs and crowded bazars. From Hindu Kings to Muslim Sultans,the reins of the city kept shifting from one ruler to another .

In the year 1803 the city came under British rule.In 1911,the British shifted the capital from Calcutta to Delhi. After India won independencein1947, New Delhi was officially declared as the capital of India....and this is the modern face of Delhi.

New Delhi is the city of the awe inspiring Rashtrapathi Bhavan,the imposing Secretariat, the magnificent Parliament House and the graceful India Gate. It is a city of tree lined avenues and green expanses,towering skyscrapers and world class infrastructure, soaring flyovers and historic monuments that showcase the progressive and vibrant natin that India is today.



INDIA GATE



PARLIAMENT HOUSE

DEVIKA.V.J
8A

# WILLIAM SHAKESPEARE




William Shakespeare was a literary genius. He is acknowledged as the greatest writer, the English speaking world has ever seen.

Stratford-upon-Avon was the birthplace of Shakespeare. He was born in 1564 as the son of John Shakespeare and Mary Arden. He is believed to have studied at the King's New School in Stratford.

'Venus and Adonis', his first poem,which was published in 1593, describes the failed love Venus had for Adonis. 'The Rape of Lucrece' followed in 1594.Both these poems are dedicated to HenryWriothesley,the Earl of Southampton.

Shakespeare is also known for his sonnets. He penned 154 sonnets in all. Each sonnet had 3 quatrains and a couplet. These sonnets can be divided into 2 sections. A young nobleman is the hero of sonnets 1 to126. An evil 'Dark Lady' with whom the poet falls in love is the subject of sonnets 127-152.

Shakespeare authored more than thirty plays. 'Romeo and Juliet', 'Hamlet', 'Othello',and 'Macbeth' are among the most popular of his plays. He passed away in 1616.



THE
Tragicall Hiſtorie of
HAMLET,
Prince of Denmarke.

By William Shakeſpeare.

Newly imprinted and enlarged to almost as much againe as it was, according to the true and perfect Coppie.

AT LONDON,
Printed by I. R. for N. L. and are to be sold at his shoppe under Saint Dunstons Church in Fleetstreet. 1605.

ANZIL.A
9A

# ജീവലോകത്തെ പ്രകാശം പരത്തുന്നവർ

## ഫയർ ഫ്ലൈ



രാത്രി കാലങ്ങളിൽ കുഞ്ഞുനക്ഷത്രങ്ങൾ ചിതറിയതുപോലെ അന്തരീക്ഷത്തിൽ കാണാറുള്ള ഇവയുടെ പ്രകാശം പുറപ്പെടുവിക്കുന്ന അവയവം ഉദരത്തിനോട് ചേർന്ന് പുറകിലാണുള്ളത്. പച്ച,മഞ്ഞ, നീല, തുടങ്ങിയ നിറങ്ങൾ വിതറുന്ന ഫയർ ഫ്ലൈകളുണ്ട്.കൂട്ടുകാരിയെ തേടാനും ഇരപിടിയന്മാർക്ക് മുന്നറിയിപ്പ് നൽകാനുമൊക്കെയാണ് ഇവ സ്വയം പ്രകാശിക്കുന്നത്.


## ജെല്ലി ഫിഷ്



സ്വയം പ്രകാശിക്കാനുള്ള കഴിവിന് പേരുകേട്ട ജീവിയാണിത്. ഉള്ളിലുണ്ടാകുന്ന പ്രകാശം സുതാര്യമായ ശരീരം കടന്ന് പുറത്തേക്കെത്തും.കൂട്ടമായി നീങ്ങുന്ന ഇവയുടെ യാത്ര നല്ലൊരു കാഴ്ചയാണ്. ഇരപിടിയന്മാരെ അകറ്റി നിർത്താനും പരസ്പരം ആശയവിനിമയം നടത്തുവാനുമൊക്കെയാണ് ഈ പരിപാടി. ലൂസിഫെറേസ് എന്ന എൻസൈമുകളാണ് ഈ പ്രകാശത്തിനു പിന്നിൽ.

## റെയിൽ റോഡ് പുഴു

തെക്കേ അമേരിക്കയിൽ കാണപ്പെടുന്ന ഒരിനം പുൽച്ചാടികളുടെ ലാർവ യാ ണ് Railroad worm. മഞ്ഞകലർന്ന പച്ച നിറത്തിലും ചുവപ്പുനിറത്തിലും പ്രകാശിക്കുന്ന ഇവയെ രാത്രിയിൽ കണ്ടാൽ അകത്ത് പ്രകാശമുള്ള ട്രെയിൻ ബോഗികൾ പോലെ തോന്നുന്നതുകൊണ്ടാണ് ഈ പേര് കിട്ടിയത്.



PAVITHRA .J
8B

## ആൻഡ്രോയ്ഡ്

ഗൂഗിളും ഓപ്പൺ ഹാൻഡ്സെറ്റ് അലയൻസും (HTC,SONY,DELL,INTEL, MOTOROLA, SAMSUNG,LG) ചേർന്ന് വികസിപ്പിച്ച മൊബൈൽ ഓപ്പറേറ്റിങ് സിസ്റ്റമാണ് ആൻഡ്രോയ്ഡ്. ലിനക്സ് കെർനൽ എന്ന കംപ്യൂട്ടർ ഓപ്പറേറ്റിങ് സിസ്റ്റത്തെയും മറ്റു ചില സൗജന്യ സോഫ്റ്റ് വെയറുകളെയും അടിസ്ഥാനമാക്കി നിർമിച്ച ഈ ഒ.എസിന് തുടക്കമിട്ടത് ആൻഡ്രോയ്ഡ് എന്ന കമ്പനിയാണ് .2005-ൽ ഗൂഗിൾ ഈ കമ്പനി വാങ്ങിയതോടെ ആൻഡ്രോയ്ഡ് ഗൂഗിളിന്റേതായി.

സ്മാർട്ട് ഫോണുകളും ടാബ്ലറ്റുകളും പോലെയുള്ള ടച്ച് സ്ക്രീൻ ഉപകരണങ്ങൾക്കു വേണ്ടിയാണിത് നിർമിച്ചത് . 2008-ൽ ആൻഡ്രോയിഡ് 1.0 എന്ന O.S പുറത്തിറക്കി. HTC ഡ്രീം എന്ന ഫോണിൽ ആദ്യമായി ഇത് ഉപയോഗിച്ചു. ആൻഡ്രോയിഡ് വിപ്ലവമാണ് പിന്നീടുണ്ടായത്.

പുതുമകളുമായി എത്തുന്ന ആൻഡ്രോയിഡിന്റെ ഓരോ പതിപ്പിനും ഏതെങ്കിലും ഭക്ഷണ സാധനത്തിന്റെ പേരാണ് നൽകുക. കിറ്റ് കാറ്റ്, ജിഞ്ചർ ബ്രെഡ്, ലോലിപോപ്പ്, ഓറിയോ എന്നിങ്ങനെ പോകുന്നു. ലോകത്ത് ഏറ്റവുമധികം ആളുകളുടെ മൊബൈൽ ഫോണുകളിൽ ഉപയോഗിക്കുന്ന ഒ .എസ് .ആണ് ആൻഡ്രോയിഡ്.പച്ച നിറമുള്ള ഒരു റോബോട്ടാണ് ആൻഡ്രോയിഡ് ഓപ്പറേറ്റിങ് സിസ്റ്റത്തിന്റെ ചിഹ്നം . മനുഷ്യ രൂപമുള്ള റോബോട്ടുകളെ വിളിക്കുന്ന പേരാണ് ആൻഡ്രോയിഡ്.



അഭിലാഷ്. ആർ
9 ബി

# സ്പോർട്സ് ക്വിസ് - 2018

1. 2018-ലെ ഫിഫ ലോകകപ്പ് സ്വന്തമാക്കിയ രാജ്യമേത്?
2. 2018-ലെ ഏഷ്യൻ ഗെയിംസ് നടന്ന രാജ്യം ?
3. ഏഷ്യൻ ഗെയിംസിൽ സ്വർണം നേടിയ ആദ്യ വനിതാ ഗുസ്തി താരം?
4. 2018 -ലെ ഐ.പി.എൽ. നേടിയ ടീം?
5. 2018-ലെ പുരുഷ ഹോക്കി ചാംപ്യൻസ് ട്രോഫി നേടിയ രാജ്യം?




6. 2018-ലെ ഏഷ്യൻഗെയിംസിൽ ഇന്ത്യ എത്ര സ്വർണമെഡലുകൾ സ്വന്തമാക്കി?
7. IAAF കോണ്ടിനെന്റൽ കപ്പിൽ മെഡൽ സ്വന്തമാക്കിയ ആദ്യ ഇന്ത്യക്കാരൻ ?
8. 2018-ലെ യു.എസ്.ഓപ്പൺ പുരുഷ സിംഗിൾസ് കിരീടം നേടിയതാര്?
9. ഏത് കായിക മേളയിലാണ് ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ഉപയോഗിച്ച് മുഖം തിരിച്ചറിയുന്ന സംവിധാനം ഉപയോഗിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത്?
10. 2018-ലെ കോമൺവെൽത്ത് ഗെയിംസിൽ ഏറ്റവുമധികം സ്വർണമെഡൽ നേടിയ രാജ്യം?

ഉത്തരങ്ങൾ

1. ഫ്രാൻസ്
2 .ഇൻഡൊനേഷ്യ
3. വിനേഷ് ഫോഗട്
4. ചെന്നൈ സൂപ്പർ കിങ്സ്
5.ഓസ്ട്രേലിയ
6.15
7. അർപ്പീന്ദർ സിങ്
8. നൊവാക് ജോക്കോവിച്ച്
9. ടോക്യോ ഒളിംപിക്സ്
10.ഓസ്ട്രേലിയ

ADITHYAN.R
9A

## 'ഒരു ഉരുള
## ചോറ് കൂടി......

'ഉറക്കം
എന്റെ കൺതടങ്ങളെ തഴുകുമ്പോഴും
ഞാൻ അച്ഛൻ വരുന്നതും കാത്ത്
 കിടന്നു.......
അച്ഛന് അമ്മ ചോറെടുത്ത് വെച്ച-
പ്പോഴേക്കും ഞാൻ കിടക്കവിട്ട് അച്ഛന്
അരികിൽ എത്തിയിരുന്നു. ......
ആദ്യത്തെ വലിയ ഉരുള ചോറ്
അച്ഛൻ എന്റെ കുഞ്ഞ് കൈയ്യിലേക്ക്
ഭദ്രമായി വെച്ച് തന്നു......
ആ ഒരു ഉരുള
ചോറ് കൂടി വേണമായിരുന്നു
എന്നും എന്റെ വയറ് നിറയാൻ....
'ഇന്നും' ........

**കെ. സോമചന്ദ്രൻ**

# പിൻകുറി

ഞങ്ങളുടെ ഇ-മാഗസിനായ രൂവലിന് സഹകരണത്തിന്റെ നല്ല മനസ്സ് തുറന്ന് രചനകൾ നൽകിയ എന്റെ കൂട്ടുകാർ, ഉപദേശനിർദ്ദേശങ്ങൾ നൽകി അനുഗ്രഹിച്ച അദ്ധ്യാപകർ സമയബന്ധിതമായി പൂർത്തീകരിച്ച് തന്ന ലിറ്റിൽ കൈറ്റ്സിലെ അണിയറ ശില്പികൾ എല്ലാവർക്കും **നന്ദി... നന്ദി...... നന്ദി.....**

**പാർവ്വതി**
**സ്റ്റുഡൻറ് ജോയിൻറ് എഡിറ്റർ**